# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S    Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/02/2026

1. കാർഷിക മേഖലയിലെ പുതുമയാർന്ന ആശയങ്ങൾക്കും ഗ്രാമവികസനത്തിന് സാങ്കേതിക പിന്തുണ നൽകുന്നതിനുമായി കെ – അഗ്ടെക് ലോഞ്ച്പാഡ് സംഘടിപ്പിക്കുന്ന 'അഗ്രി റൂറൽ ഐഡിയത്തോൺ 2026' ഫെബ്രുവരി 27-ന് വെള്ളായണി കാർഷിക കോളേജിൽ നടക്കും. കൃഷിയിലും ഗ്രാമവികസനത്തിലും സാങ്കേതികവിദ്യയും പാരമ്പര്യവും സംയോജിപ്പിക്കുന്ന നവീന ആശയങ്ങൾ കണ്ടെത്തുക എന്നതാണ് ഐഡിയത്തോണിന്റെ പ്രധാന ലക്ഷ്യം. നെക്സ്റ്റ്ജെൻ അഗ്ടെക് ഇന്നൊവേഷൻസ്, കമ്മ്യൂണിറ്റി-സെന്റ്റിക് റൂറൽ സൊല്യൂഷൻസ്, ക്ലൈമറ്റ് ആക്ഷൻ ഫോർ ഫാംസ് ആൻഡ് വില്ലേജ്സ് എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചായിരിക്കും പരിപാടി. പങ്കെടുക്കുന്നവർക്ക് അവരുടെ ആശയങ്ങൾ വിദഗ്ധർക്ക് മുന്നിൽ അവതരിപ്പിക്കാനും മാർഗനിർദേശം നേടാനും അവസരം ലഭിക്കും. മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്ന മൂന്ന് ടീമുകൾക്ക് സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ പിന്തുണ നൽകും. കൂടാതെ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം ₹10,000, ₹7,500, ₹5,000

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ വീതം പാരിതോഷികവും നൽകും. കോളേജ് വിദ്യാർത്ഥികൾക്കും 45വയസ്സിന് താഴെയുള്ള യുവതി-യുവാക്കൾക്കും പങ്കെടുക്കാം. വിശദ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9995624888.താൽപര്യമുള്ളവർhttps://www.kagtechlaunchpad.com/#ideathon-2026 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. പന്തളം കരിമ്പ് വിത്തുൽപാദന കേന്ദ്രത്തിൽ വച്ച് പന്തളം ഫെസ്റ്റ് – 2026 ഫെബ്രുവരി 27, 28 തീയതികളിൽ നടത്തുന്നു. ഇതോടനുബന്ധിച്ച് കാർഷിക മേഖലയിലെ വിവിധ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും ടെക് ഫെസ്റ്റും സംഘടിപ്പിക്കുന്നു.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "ചക്കയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ" എന്ന വിഷയത്തിൽ 2026 ഫെബ്രുവരി 27ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോണ് നമ്പറിൽ രാവിലെ 10 മണി മുതല് വൈകിട്ട് 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2026 മാർച്ച് 6 ന് ആരംഭിക്കുന്നു. കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. മാർച്ച് 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 6 മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 5. കാർഷിക നിർദേശം

കാബേജ് – കാബേജിൽ ഡയമണ്ട് ബാക് മോത്തിന്റെ ആക്രമണം കണ്ടുവരുന്നു. ഇവയുടെ പുഴുക്കൾ ഇലകളുടെ ഉപരിതലം കാർന്നു തിന്നുന്നതിന്റെ ഫലമായി ഇലകളിൽ വെളുത്ത പാടുകൾ വീഴുന്നു. കടുത്ത കീടബാധയുള്ള അവസ്ഥയിൽ ഇവ പൂർണമായും ഇലകൾ തിന്നു നശിപ്പിക്കുന്നു. രോഗത്തിൻറെ തുടക്കത്തിൽ തന്നെ ബ്യൂവേറിയ ബാസ്സിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വൈകുന്നേരങ്ങളിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ബാസില്ലസിൻറെ ഫോർമുലേഷനുകൾ നിർദ്ദേശിച്ചിട്ടുള്ള തോത് പ്രകാരം തളിച്ചുകൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ ഫെയിം 1.5 ml/10L അല്ലെങ്കിൽ കൊറാജെൻ 3 ml / 10L എന്ന തോതിൽ തളിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം